## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4649 — 29.06.2012 ൽ മറുപടിയ്ക്ക്

## കാലിവളർത്തൽ, ചെറുകിട കൃഷി എന്നിവയ്ക്ക് പ്രോത്സാഹനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി<br>,, സി. മോയിൻകുട്ടി<br>,, പി. ഉബൈദുള്ള<br>,, വി.എം ഉമ്മർ മാസ്റ്റർ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | കാലി വളർത്തൽ ഉപജീവനമാർഗ്ഗമായി കൂടുതൽ ആളുകൾ സ്വീകരിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഉപതൊഴിലെന്ന നിലയിൽ കാലിവളർത്തൽ നടത്തിയിരുന്നവർ അതിൽ നിന്നു പിൻമാറിക്കൊണ്ടിരിക്കുന്നതിന്റ്കാരണങ്ങൾ വിശകലനം ചെയ്യുമോ; | (എ) | ഉപതൊഴിലെന്ന നിലയിൽ കാലി വളർത്തലിൽ നിന്ന് ആളുകൾ പിന്മാറുന്നതിന്റെ പ്രധാന കാരണം വർദ്ധിച്ച ഉൽപാദനച്ചെലവും ആകർഷകമല്ലാത്ത വരുമാനവുമാണ്. തീറ്റവില ക്രമാതീതമായി വർദ്ധിക്കുന്നതാണ് ഉല്പാദനച്ചെലവ് കൂടുന്നതിന്റെ പ്രധാന കാരണം. |
| (ബി) | ഗ്രാമങ്ങളിൽപ്പോലും, ജീവിത സൗകര്യങ്ങളുടെ ലഭ്യത വർദ്ധിച്ചു വരുന്നതിനനുസരിച്ച്, ഉപതൊഴിലുകൾ ഉപേക്ഷിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | ഇതു മൂലം കാർഷിക മേഖലയിൽ കൃഷി ഭൂമികളുടെ ഫലപുഷ്ടി കറയുന്നതു കൊണ്ട് ആ രംഗത്തും ഉൽപ്പാദനനഷ്ടം വരുന്നുണ്ടെന്ന കാര്യം പരിഗണിക്കുമോ; | (സി) | കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കാലിവളർത്തൽ ഒരു ഉപതൊഴിലായി തന്നെ നിലനിർത്തണമെന്നതാണ് സർക്കാരിന്റെ നയം. |

(ഡി) ഉപതൊഴിലായി ഇപ്പോഴും കാലി വളർത്തലിലും, ചെറുകിട കൃഷിയിലും തുടരുന്നവരെ അതിൽ പിടിച്ചു നിർത്തുന്നതിനും കൂടുതൽ പേരെ ആകർഷിക്കുന്നതിനും സഹായ പദ്ധതികൾ ആവിഷ്കരിച്ച് കുറ്റമറ്റ രീതിയിൽ നടപ്പാക്കുമോ?

(ഡി) കാർഷികവൃത്തി ആദായകരമാക്കുന്നതിനും കൂടുതൽപേരെ ആകർഷിക്കുന്നതിനുമായി താഴെപറയുന്ന പരിപാടികൾ നടപ്പിലാക്കിവരുന്നു.

**കൃഷി വകുപ്പ്**

1) നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് പരിപാടി നടപ്പിലാക്കുന്നതിന് ഹെക്ടറിന് 4000/- രൂപ നിരക്കിൽ സഹായം.

2) കിലോഗ്രാമിന് 15/- രൂപ നിരക്കിൽ സംസ്ഥാനത്തുടനീളം നെല്ല് സംഭരണം.

3) സൗജന്യ വൈദ്യുതി

4) ഹെക്ടറിന് 350/- രൂപ നിരക്കിൽ ഓരോ സീസണിലും ഉല്പാദന ബോണസ്സ്.

5) ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസന പദ്ധതി

6) നല്ലയിനം തെങ്ങിൻ തൈകളുടെ ഉല്പാദനവും വിതരണവും.

7) കൊപ്ര, പച്ചതേങ്ങ സംഭരണം.

8) കർഷകർ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥികൾ തുടങ്ങിയവരെ സംഘടിപ്പിച്ചുകൊണ്ടുള്ള സമഗ്ര പച്ചക്കറി പരിപാടി.

9) ആത്മ, ലീഡ്സ് തുടങ്ങിയ പദ്ധതികൾ മുഖേന വിജ്ഞാനവ്യാപന പരിപാടി.

10) വിപണിയിൽ ഇടപെടൽ പദ്ധതി.

11) കാർഷിക ഇൻഷ്വറൻസ് പദ്ധതി.

12) കാർഷിക ഉല്പന്നങ്ങളുടെ സംസ്കരണ പദ്ധതി.

13) കാർഷിക യന്ത്രവല്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ.

14) ബയോഗ്യാസ് വികസന പരിപാടി.

15) കർഷക പെൻഷൻ പദ്ധതി

**<u>മൃഗസംരക്ഷണ വകുപ്പ്</u>**

1) കന്നുകുട്ടി പരിപാലന പരിപാടി

2) പ്രത്യേക പാക്കേജുകൾ മുഖേന ഉൽപാദനശേഷി കൂടുതലുള്ള പശുക്കളുടെ വിതരണം.

3) വീട്ടുമുറ്റത്തെ കോഴിവളർത്തൽ പദ്ധതി

4) മൃഗ ചികിത്സാ സേവനം കർഷകരുടെ പടിക്കൽ എത്തിക്കുന്ന പദ്ധതി.

5) വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

6) സംരംഭകത്വ പരിശീലനവും സഹായ പദ്ധതികളും

7) തീറ്റപ്പുൽ കൃഷി വികസന പദ്ധതി

സെക്ഷൻ ഓഫീസർ